കെ.സി ജലീൽ പുളിക്കൽ



# പരീക്ഷണങ്ങളെ നേരിടേണ്ടത്

عَنْ أَنَس رَضِيَ اللَّهُ عَنْهُ: قَالَ رَسُولُ اللَّهِ : إِنَّ عِظَمَ الْجَزَاءِ مَعَ عِظَمِ الْبَلَاءِ وَإِنَّ اللَّهَ إِذَا أَحَبَّ قَوْمًا ابْتَلَاهُمْ فَمَنْ رَضِيَ فَلَهُ الرِّضَا وَمَنْ سَخِطَ فَلَهُ السُّخْطُ (ترمذى)

**അനസി(റ)ൽനിന്ന്: നബി (സ) അരുളി: "പ്രതിഫലത്തിന് മഹത്വമേറുന്നത് പരീക്ഷണം കടുക്കുമ്പോഴാണ്. അല്ലാഹു ഒരു ജനതയെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷിക്കും. പരീക്ഷണത്തിൽ തൃപ്തിയടയുന്നവരെ അല്ലാഹുവിന് തൃപ്തിയാണ്; അതിൽ രോഷാകുലരാകുന്നവരെ അവന് വെറുപ്പുമാണ്" (തിർമിദി).**

പലരെയും ബാധിക്കാറുള്ള തെറ്റായ ധാരണ തിരുത്തുന്നതും വിശ്വാസികൾക്ക് ക്ഷമയും സ്ഥൈര്യവും മനസ്സമാധാനവും നൽകാൻ ഉപകരിക്കുന്നതുമാണ് ഈ നബിവചനം. മതനിഷ്ഠയുള്ള നല്ല വ്യക്തിക്ക് രോഗമോ സാമ്പത്തിക പ്രയാസമോ മറ്റ് ദുരിതങ്ങളോ വന്നുഭവിച്ചാൽ അയാൾക്കിത് ബാധിക്കേണ്ടതായിരുന്നില്ലല്ലോ, അയാൾ ഒരു നല്ല മനുഷ്യനാണല്ലോ എന്നൊക്ക ആളുകൾ പ്രതികരിക്കുന്നതു കാണാം. ചിലർ അക്ഷമരായി ദൈവത്തെയും വിധിയെയുമെല്ലാം പഴിക്കും. ഈ മനോഭാവം ദൈവകോപം ക്ഷണിച്ചുവരുത്താനും അതുവഴി ഇഹപരനഷ്ടം സംഭവിക്കാനും കാരണമാകും എന്ന താക്കീതും ഈ വചനമുൾക്കൊള്ളുന്നുണ്ട്.

ഒന്നു ചിന്തിച്ചാൽ ആർക്കും ഈ ധാരണ യുക്തിക്കും ചിന്തക്കും നിരക്കാത്തതാണെന്ന് ബോധ്യപ്പെടും. ഭൗതികമായ സുഖാനന്ദങ്ങൾക്കൊക്കെയും ആദ്യം പല കടമ്പകൾ താണ്ടേണ്ടതുണ്ടെന്ന് ആർക്കാണറിയാത്തത്. വീട്, സമ്പത്ത്, സന്താനസൗഭാഗ്യം തുടങ്ങി ഏതിനും ഇത് ബാധകമാണ്. എന്നിരിക്കെ പാരത്രികമോക്ഷമെന്ന ശാശ്വത സൗഭാഗ്യത്തിന് ഒരു പ്രയാസവും പരീക്ഷണവും വേണ്ടതില്ലെന്ന ധാരണ സാമാന്യബുദ്ധിക്ക് നിരക്കുന്നതാവുന്നത് എങ്ങനെ? ഏത് ഉന്നത പദവിയാണ് പരീക്ഷയിൽ വിജയിക്കാതെ കരസ്ഥമാക്കാൻ സാധിക്കുക? എന്നിരിക്കെ, ശാശ്വത സൗഖ്യമെന്ന തുല്യതയില്ലാത്ത വൻവിജയത്തിന് വൻ പരീക്ഷയെ അഭിമുഖീകരിച്ചേ പറ്റൂ എന്നാണ് ഈ മഹദ് വചനം വ്യക്തമാക്കുന്നത്.

വിശ്വാസികൾക്ക് നേരിടേണ്ടിവരുന്ന പരീക്ഷണങ്ങൾ ശുഭസൂചകങ്ങളാണെന്നും, അവയെ വിജയസൗഭാഗ്യങ്ങൾക്കുള്ള അവസരമാക്കിയെടുത്ത് വിജയം നേടാൻ സത്യവിശ്വാസികൾ ഉൾക്കാഴ്ച ആർജിക്കണമെന്നും ഉണർത്തുന്ന നിരവധി നബിവചനങ്ങളുണ്ട്. വിശുദ്ധ ഖുർആനും ഇക്കാര്യം ഉദാഹരണസഹിതം വ്യക്തമാക്കിയിട്ടുണ്ട്. നബി (സ) പറയുന്നു: "പാപരഹിതമായി അല്ലാഹുവിനെ കണ്ടുമുട്ടുമാറ് സത്യവിശ്വാസിയും വിശ്വാസിനിയും തന്റെ ശരീരത്തിലും സന്താനത്തിലും സമ്പത്തിലും പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കും'' (തിർമിദി).

രോഗങ്ങളും പ്രയാസങ്ങളും പ്രശ്നങ്ങളും ഒന്നൊന്നായി വന്നണയുമ്പോൾ എന്നെ പാപമുക്തനാക്കി സ്വർഗാവകാശിയാക്കിത്തീർക്കാൻ അല്ലാഹു തീരുമാനിച്ചിരിക്കാം എന്ന ചിന്തയിൽ അല്ലാഹുവിനോട് കൂടുതലടുക്കുകയും ക്ഷമയും സ്ഥൈര്യവും നൽകാൻ അപേക്ഷിക്കുകയുമാണ് വേണ്ടത്.

മറ്റൊരു നബിവചനം ഇങ്ങനെ: "ഒരു മുസ്‌ലിമിന് വല്ല മനഃക്ലേശമോ രോഗമോ ദുഃഖമോ വ്യസനമോ ബുദ്ധിമുട്ടോ പ്രയാസമോ വന്നുഭവിക്കുന്ന പക്ഷം-എത്രത്തോളമെന്നാൽ ഒരു മുള്ളുകുത്തിയാൽ പോലും-അത് അവന്റെ പാപമോചനത്തിന് കാരണമായിത്തീരും.''

ചിലപ്പോൾ ഉന്നതപദവി നൽകുന്നതിനുള്ള മുന്നോടിയായും പരീക്ഷണം വരാം. അതിന് മികച്ച ഉദാഹരണമാണ് അയ്യൂബ് നബിയുടേത്. കുടുംബം പോലും അദ്ദേഹത്തെ ഉപേക്ഷിച്ചുപോയി. ഏറെ നാൾ ഒറ്റപ്പെട്ടുകഴിഞ്ഞ അദ്ദേഹം വിവേകം കൈവിടാതെ ഏറെ സൗമ്യശീലനായി ദയാപരനായ തന്റെ നാഥന്റെ കരുണാകടാക്ഷത്തിനർഥിക്കുന്ന ഹൃദ്യമായ പ്രാർഥനകൾ ഖുർആൻ ഒന്നിലധികം സ്ഥലങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. "അയ്യൂബ് തന്റെ നാഥനെ വിളിച്ച രംഗം: 'നാഥാ, എന്നെ ദുരിതം ബാധിച്ചുവല്ലോ. നീ പരമദയാലുവും കരുണാമയനുമല്ലോ'' (*അൽ അമ്പിയാഅ്* 83).

അദ്ദേഹത്തിന് രോഗശമനം നൽകി; കുടുംബത്തെ തിരികെയെത്തിച്ചു. എന്നിട്ട് അല്ലാഹു നൽകുന്ന പ്രശംസാവചനം എത്ര മനോഹരവും ഹൃദ്യവുമാണ്! "നാം അദ്ദേഹത്തെ ക്ഷമാശീലനായി കണ്ടു. എത്ര ശ്രേഷ്ഠനായ ദാസൻ! തന്റെ നാഥങ്കലേക്ക് അധികമധികം മടങ്ങുന്നവൻ!!'' (*സ്വാദ്* 44).

ചിലപ്പോൾ പരീക്ഷണം സാമൂഹികമോ സംഘടനാപരമോ ഒക്കെ ആയിരിക്കും. പലതരം സംഘടനകളും പ്രസ്ഥാനങ്ങളും അതിക്രമങ്ങളുമായി സ്വൈരവിഹാരം നടത്തുമ്പോൾ ദീനിനു വേണ്ടി, സത്യത്തിനും നീതിക്കും വേണ്ടി സംസാരിക്കുന്ന ഇസ്‌ലാമികപ്രസ്ഥാനങ്ങൾക്ക് നിരോധങ്ങളും വിലക്കുകളും പീഡനങ്ങളും ജയിലറകളുമാണ് നേരിടേണ്ടിവരുന്നത്. ഇന്നേവരെ ഒരനീതിക്കും അതിക്രമത്തിനും കൂട്ടുനിന്നിട്ടില്ലാത്ത തങ്ങൾക്ക് ഇതെന്തുകൊണ്ട് എന്ന് അസ്വസ്ഥപ്പെടുന്നതിനു പകരം അത്ഭുതകരമായ സഹനവും ദീർഘവീക്ഷണവും കൈമുതലാക്കി ഉറച്ചു നിൽക്കാൻ സഹായിക്കുന്നത് ഇത്തരം ഖുർആൻ-ഹദീസ് വചനങ്ങൾ നൽകുന്ന ഉൾക്കരുത്താണ്. ●